(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഫീസ് നൽകുന്നതിൽ നിന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഗവൺമെന്റ് ഒഴിവാക്കുമോ ?

ഉത്തരം

(എ) ഹൈസ്കൂൾ തലത്തിൽ ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്തെ ഹയർ സെക്കന്ററി മേഖലയിലെ പരീക്ഷാ ഫീസും അതിനോടനുബന്ധിച്ച മറ്റു ഫീസ് നിരക്കുകളും വർദ്ധിപ്പിച്ചുകൊണ്ട് 12-5-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 109/03/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ നിലവിലുള്ള സെക്കന്ററി/ഹയർ സെക്കന്ററി സ്ഥാപനങ്ങൾ

102 (700) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് ഇതര മേഖലകളിൽ എത്ര സെക്കന്ററി, ഹയർ സെക്കന്ററി സ്ഥാപനങ്ങളുണ്ട് ;

(ബി) ഇവയിലെല്ലാം കൂടി എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ; മൊത്തം എത്ര അദ്ധ്യാപകർ ഈ രംഗത്ത് പഠിപ്പിക്കുന്നുണ്ട് ; ഇവയിലോരോന്നിലും ഓരോ കുട്ടിയും കൊടുക്കേണ്ട ഫീസ് എത്രയാണ് ;

(സി) അൺ എയ്ഡഡ് മേഖലയിലെ ഫീസ് ഏകീകരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) അൺ എയ്ഡഡ് മേഖലയിലെല്ലാം കൂടി എത്ര അദ്ധ്യാപകരുണ്ട് ;

(ഇ) ഈ മേഖലയിലെ അദ്ധ്യാപകരുടെ വേതനം എത്രയാണ് ; അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം എത്രയാണ് ;

(എഫ്) ഈ മേഖലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെക്കന്ററി മേഖല

ഗവൺമെന്റ്	984
എയ്ഡഡ്	1415
അൺ എയ്ഡഡ്	217

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി

ഗവൺമെന്റ്	416
എയ്ഡഡ്	508
അൺ എയ്ഡഡ്	329

(ബി) ലഭ്യമല്ല.

(സി) അൺ എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി വിഭാഗത്തിലെ ഫീസ് നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിവരം ലഭ്യമല്ല.

(ഇ) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം സംബന്ധിച്ച് വിവരം ലഭ്യമല്ല.

(എഫ്) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പുതുതായി അനുവദിച്ച പ്ലസ് ടൂ സീറ്റുകൾ

103 (701) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചു ;

(ബി) ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം 57340 പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനയും 321 അൺ എയ്ഡഡ് സ്കൂളുകൾക്ക് ഓരോ ബാച്ചു കൂടി തുടങ്ങുന്നതിനുള്ള അനുമതിയുമാണ് നൽകിയിട്ടുള്ളത്. മാനേജരുടെ ആവശ്യാനുസരണം അനുവദിച്ച ബാച്ച് സ്വീകരിക്കാം എന്നാണ് ബാച്ച് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിരുന്നത്. ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടർക്ക് നൽകണമെന്നും വ്യക്തമാക്കിയിരുന്നു. ആയതിനാൽ അഡ്മിഷൻ നടപടികൾ പൂർത്തിയായതിന് ശേഷം മാത്രമേ തരംതിരിച്ചുള്ള കണക്ക് ലഭ്യമാകുകയുള്ളൂ.

പ്ലസ് വൺ പ്രൈവറ്റ് പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി

104 (702) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിൽ പ്ലസ് വൺ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികളുടെ എണ്ണമെത്ര ;

LIBRARY ARCHIVES Kerala Legislative Assembly